'ഭരണഭാഷ മാതൃഭാഷ'

**പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 033**
**ഫോൺ : 0471-2304594, 0471-2303229**
**ഇ-മെയിൽ :keralatribes@gmail.com**

---

നമ്പർ:STDD/1335/2024-C3 തീയതി :06-02-2025

**താൽപര്യപത്രം ക്ഷണിക്കുന്നു.**

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ്ടോപ്പ് വിതരണ പദ്ധതി നടപ്പിലാക്കുന്നതിനായി നടപ്പ് വർഷം മുതൽ ഇ- ഗ്രാൻറ്സ് മുഖേന ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള സ്കോളർഷിപ്പ് തുകയായി 30,000/- രൂപ അനുവദിക്കുന്നു. ടി തുക വിനിയോഗിച്ച് ഇ-റുപ്പി സംവിധാനത്തിലൂടെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചുകൊള്ളുന്നു.

**നിബന്ധനകൾ**

1. താൽപര്യപത്രം സമർപ്പിക്കുന്ന സ്ഥാപനത്തിന് എല്ലാ ജില്ലകളിലും ബ്രാഞ്ചുകൾ ഉണ്ടായിരിക്കേണ്ടതാണ്.

2. താൽപര്യപത്രം സമർപ്പിക്കുന്ന സ്ഥാപനങ്ങൾ ഓരോ ജില്ലയിലും ഉള്ള സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. കുറഞ്ഞത് 30000/- രൂപയുടെ ലാപ്ടോപ്പുകൾ ആണ് വിദ്യാർത്ഥികൾക്ക് നൽകേണ്ടത്.

4. ലാപ്ടോപ്പ് വാങ്ങുന്നതിനായി വിദ്യാർത്ഥികൾക്ക് ഇ-റുപ്പി സംവിധാനത്തിലൂടെ ലഭിക്കുന്ന വൗച്ചർ ഉപയോഗിച്ചാണ് തുക(30,000/-രൂപ) അനുവദിക്കുന്നത്.

5. 30,000/-രൂപയിൽ കൂടുതൽ വിലയുള്ള ലാപ്ടോപ്പ് വിദ്യാർത്ഥി ആവശ്യപ്പെടുകയാണെങ്കിൽ ആയത് നൽകേണ്ടതും, 30,000/-രൂപയിൽ അധികരിക്കുന്ന തുക വിദ്യാർത്ഥിയിൽ നിന്നും ഈടാക്കാവുന്നതുമാണ്.

6. ഇ-റുപ്പി സംവിധാനത്തിലൂടെ തുക നൽകുന്നതിനായി സ്ഥാപനങ്ങൾക്ക് ഇന്ത്യൻ ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും, ഇല്ലെങ്കിൽ അക്കൗണ്ട് തുടങ്ങേണ്ടതുമാണ്.

7. സീൽ ചെയ്ത താൽപര്യപത്രം സമർപ്പിക്കേണ്ട അവസാന തീയതി 12.02.25 ന് വൈകുന്നേരം 3 മണിയാണ്. അന്നേ ദിവസം 3.30 മണിക്ക് തന്നെ സീൽ ചെയ്ത

താൽപര്യപത്രങ്ങൾ തുറക്കുന്നതാണ്.

8. താൽപര്യപത്രം അംഗീകരിക്കുന്നതിനും യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

DIRECTOR

ആജ്ഞാനുസരണം

Signed by
Manoj K G
Date: 06-02-2025 12:34:17

Assistant Director(Education)